# ബി.എ./ബി.കോം. പ്രൈവറ്റ് വിദ്യാർത്ഥികളിൽ നിന്നും നോഷണൽ രജിസ്ട്രേഷന് അപേക്ഷ ക്ഷണിക്കുന്നു.

ബി.എ./ബി.കോം.(പ്രൈവറ്റ് രജിസ്ട്രേഷൻ) 2016 അഡ്മിഷൻ, സി.ബി.സി.എസ്.എസ്. സ്കീം പ്രകാരം 2017-ൽ ഒന്നും രണ്ടും സെമസ്റ്ററുകളും, 2018-ൽ മൂന്നും,നാലും സെമസ്റ്ററുകളും പൂർത്തിയാക്കുകയും എന്നാൽ 2019 മാർച്ച്-ഏപ്രിൽ മാസങ്ങളിൽ നടന്ന അഞ്ചും,ആറും സെമസ്റ്റർ പരീക്ഷകൾക്ക് ഫീസടച്ച് രജിസ്റ്റർ ചെയ്യാൻ സാധിക്കാത്തവരുമായ വിദ്യാർത്ഥികൾക്ക് നോഷണൽ രജിസ്ട്രേഷൻ നടത്തി, തങ്ങൾ പഠിച്ച സ്കീമിൽത്തന്നെ കോഴ്സ് പൂർത്തിയാക്കാൻ സർവകലാശാല അവസരമൊരുക്കുന്നു. താഴെ പറയുന്ന നിബന്ധനകൾ പാലിച്ചുകൊണ്ട് നോഷണൽ രജിസ്ട്രേഷന് അപേക്ഷിക്കാവുന്നതാണ്.

1. 2019 മാർച്ച്-ഏപ്രിൽ മാസങ്ങളിലെ അഞ്ചും, ആറും സെമസ്റ്റർ പരീക്ഷകളുടെ ആകെ ഫീസിന്റെ മൂന്ന് മടങ്ങായ 3450/-(1150X3) രൂപയാണ് ഇതിനായി അടയ്ക്കേണ്ടത്.

2. 2019 ജൂൺ 11 ആയിരിക്കും അപേക്ഷിക്കാനുള്ള അവസാന തീയതി. അപേക്ഷാഫോം നമ്പർ 115 ഇതിനായി ഉപയോഗിക്കേണ്ടതാണ്.

2020 മാർച്ച്-ഏപ്രിൽ മാസങ്ങളിൽ നടക്കുന്ന അഞ്ചും,ആറും സെമസ്റ്റർ പരീക്ഷയ്ക്കായി റീ-അഡ്മിഷൻ നേടുന്നവർ പുതിയ സി.ബി.സി.എസ്. (2017 അഡ്മിഷൻകാരുടെ) സ്കീമിലാവും പരീക്ഷ എഴുതേണ്ടി വരിക. അതുപ്രകാരം അവർ പിന്നീട് ഒന്നും, രണ്ടും,മൂന്നും,നാലും സെമസ്റ്ററുകൾ പുതിയ സി.ബി.സി.എസ്. സ്കീമിൽത്തന്നെ പുനഃപരീക്ഷകൾ എഴുതേണ്ടതായും വരും. ആയതിനാൽ നോഷണൽ രജിസ്ട്രേഷന് അർഹരായവർ, അവർ പഠിച്ച സി.ബി.സി.എസ്.എസ്. സ്കീമിൽത്തന്നെ കോഴ്സ് പൂർത്തിയാക്കാൻ ലഭിക്കുന്ന ഈ അവസരം പ്രയോജനപ്പെടുത്തുക.

**Phone Numbers**:-

***Enquiry :0481-2731020,2733300***

***B.Com: 0481-2733690***

***B.A: 0481-2733256***

ഡെപ്യൂട്ടി രജിസ്ട്രാർ III(പരീക്ഷ)
പരീക്ഷാകൺട്രോളർക്കുവേണ്ടി.